## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6384** **20-03-2023 - ൽ മറുപടിയ്ക്ക്**

## ഗ്രീൻ ഗ്രാസ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗ്രീൻ ഗ്രാസ് പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ വനമേഖലകളിൽ അനധികൃതമായി നിക്ഷേപിക്കുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി ജി.ഒ. (ആർ.റ്റി) നമ്പർ 406/2018/വനം തീയതി 13.09.2018 പ്രകാരം വനം-വന്യജീവി പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയുണ്ടായി. ജി.ഒ (ആർ.റ്റി) നമ്പർ 506/2019/വനം തീയതി 24.12.2019 പ്രകാരം 871.50 ലക്ഷം രൂപയുടെ പ്രോജക്റ്റ് ഗ്രീൻ ഗ്രാസ്സ് എന്ന പദ്ധതിക്ക് ഭരണാനുമതിനൽകിയിട്ടുണ്ട്. 2019-20 തുടങ്ങി മൂന്ന് വർഷമാണ് പദ്ധതിയുടെ കാലാവധി. വനമേഖലകളിലും, പരിസര പ്രദേശങ്ങളിലും, ഇക്കോ ടൂറിസം കേന്ദ്രങ്ങളിലും മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്തുന്നതിനായി വനസംരക്ഷണ സമിതി അംഗങ്ങൾ, ദിവസ വേതന വാച്ചർമാർ എന്നിവരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ വിവിധ എൻ.ജി.ഒ.-കൾ, സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ,വിവിധ ഏജൻസികൾ, മറ്റു സർക്കാർ വകുപ്പുകൾ, ശുചിത്വ മിഷൻ എന്നിവരുടെ പങ്കാളിത്തത്തോടെ ഉറവിടങ്ങളിൽ നിന്നും മാലിന്യങ്ങൾ ശേഖരിച്ച്, സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ടി പ്രദേശങ്ങളിൽ മാലിന്യം നിക്ഷേപിക്കരുതെന്നുള്ള മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും, ക്യാമറ,സി.സി.ടി.വി. ക്യാമറകൾ എന്നിവ സ്ഥാപിച്ച് നിരീക്ഷണം നടത്തി വരുന്നുണ്ട്. വനത്തിന് സമീപത്തുകൂടി കടന്നു പോകുന്ന പാതയോരങ്ങളിലും വനമേഖലയിലും രാത്രിയിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയാൻ പട്രോളിംഗ് ശക്തമായി നടത്തി വരുന്നുണ്ട്. ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ മാലിന്യ ശേഖരണത്തിനും നിർമ്മാർജ്ജനത്തിനുമായി വേയ്സ്റ്റ് ബിൻ, പിറ്റുകൾ, |

| | | | |
|---|---|---|---|
| | | | ഇൻസിനറേറ്ററുകൾ എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ബോധവൽക്കരണ ക്ലാസ്സുകൾ, ക്യാമ്പുകൾ എന്നിവനടത്തി വരുന്നുണ്ട്. മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷന് കീഴിൽ രാജമലയിൽ ഒരു വേസ്റ്റ് മാനേജ്മെന്റ് യൂണിറ്റ് മാലിന്യ നിർമ്മാർജ്ജനത്തിനായി നിർമ്മിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ നടത്തിപ്പിനായി എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ? | (ബി) | പദ്ധതിയുടെ നടത്തിപ്പിനായി നാളിതുവരെ ലഭിച്ച തുകയുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

തുക ലക്ഷത്തിൽ

| വർഷം | ബജറ്റ് വിഹിതം | പദ്ധതി നടത്തിപ്പിനായി അനുവദിച്ച തുക | പദ്ധതി നടത്തിപ്പിനായി വിനിയോഗിച്ച തുക |
|---|---|---|---|
| 2019-20 | 20.01 | 20.01 | -- |
| 2020-21 | 8.00 | 8.00 | 7.99 |
| 2021-22 | 108.00 | 108.00 | 107.76 |
| 2022-23 | 108.00 | 66.96 | 64.304 |